# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T *98 — 01.07.2015-ൽ മറുപടിയ്ക്ക്

## റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ് വികസന പദ്ധതി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) റോഡുകളുടെ പുനരുദ്ധാരണത്തിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ ; | (എ)&(ബി):<br>റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നിങ്ങനെ രണ്ടു വിഭാഗമായി തിരിച്ച് യഥാക്രമം 469 കി.മീ., 621 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ നവീകരണമാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 469 കി.മീ.റോഡുകളുടെ നവീകരണത്തിന് പി.പി.പി. ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ ഓഫറുകളിലെ ആന്വിറ്റി നിരക്കുകൾ വളരെ കൂടുതൽ ആയതിനാൽ അനുമതി നൽകിയിരുന്നില്ല. ഇപ്പോൾ റീഹാബിലിറ്റേഷൻ പാക്കേജിലെ 106.20 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ടായി പുതുക്കിയ നിബന്ധനകളോടെ പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. ജൂലായ് മാസം 7-ാം തിയതിയാണ് ഓഫറുകൾ നൽകേണ്ട അവസാന തീയതി. കൂടാതെ റീഹാബിലിറ്റേഷൻ പാക്കേജിൽ അവശേഷിക്കുന്ന 363 കി.മീ. റോഡുകളും, അപ്ഗ്രഡേഷൻ പാക്കേജിലെ 621 കി.മീ റോഡുകളും ഉൾപ്പെടുത്തി ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്നുള്ള ധനസഹായത്തിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.<br><br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി പൂർത്തിയാകാറായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷണറെ തെരഞ്ഞെടുത്ത് കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ബി.ഒ.റ്റി-ആന്വിറ്റി വ്യവസ്ഥയിൽ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ |

കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ, കൊല്ലം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

റോഡ് വികസന പദ്ധതിയിലെ നവീകരണ പ്രവർത്തനങ്ങൾക്ക് പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ ആന്വിറ്റി തുക ക്വോട്ട് ചെയ്യുന്ന കരാറുകാരൻ പണം മുടക്കി രണ്ടു വർഷം കൊണ്ട് IRC മാനദണ്ഡങ്ങൾ പ്രകാരം പണി പൂർത്തിയാക്കണം. തുടർന്നുള്ള 13 വർഷക്കാലം റോഡുകളുടെ പരിപാലനം കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

നിർമ്മാണം പൂർത്തിയായശേഷം അർദ്ധ വാർഷിക ഗഡുക്കളായി 13 വർഷം ആന്വിറ്റി തുക കരാറുകാരന് നൽകും. കൂടാതെ നിർമ്മാണ സമയത്ത് പണിയുടെ പുരോഗതി വിലയിരുത്തി എസ്റ്റിമേറ്റ് തുകയുടെ 20% രണ്ടു വർഷം കൊണ്ട് കരാറുകാരന് ഗ്രാന്റായി നൽകുകയും ചെയ്യും. കെ.ആർ.എഫ്.ബി. ഡിബി എഫ്.ഒ.ടി-ആന്വിറ്റി മാതൃകയിൽ ടോൾ പിരിവില്ലാതെയാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**